# സെന്തോം ന്യൂസ്

ത്രൈമാസിക
ജനുവരി – മാർച്ച് 2018
പുസ്തകം 17 – ലക്കം 1
(സ്വകാര്യ വിതരണത്തിനു മാത്രം)

## പത്രാധിപസമിതി

റവ.ജോൺസൺ വറുഗീസ്
(ചെയർമാൻ)
റവ.ബിനു തോമസ് (ചീഫ് എഡിറ്റർ)
ശ്രീ.മാമ്മൻ മാത്യു (കൺവീനർ)
ശ്രീ. പി.കെ.ഗീവർഗീസ്
ശ്രീ.ജോർജ് പി.തോമസ്
ശ്രീ.ദാനിയേൽ മാത്യു കെ.
ശ്രീ.പി.ജെ. ജോർജ്
ശ്രീ.സാജു ജോർജ്
ശ്രീ.ചാക്കോ വർഗീസ്
ശ്രീ. കെ.എസ്. ശമുവേൽ
ശ്രീമതി.മേരിക്കുട്ടി മത്തായി
ശ്രീമതി.മറിയാമ്മ ഏബ്രഹാം

## ഉള്ളടക്കം

❖ വികാരിയുടെ സന്ദേശം
❖ എഡിറ്റോറിയൽ
❖ സെക്രട്ടറിയുടെ കത്ത്
❖ ലേഖനം
❖ കവിത
❖ സാധു കൊച്ചൂഞ്ഞ് ഉപദേശി
കൺവൻഷൻ റിപ്പോർട്ട്
❖ വേദപഠനം
❖ വാർത്തകൾ
❖ സഭാ പഞ്ചാംഗം
❖ ഇടവകമിഷൻ പ്രാർത്ഥനകൾ
❖ സേവികാസംഘം പ്രാർത്ഥനകൾ
❖ പ്രാർത്ഥനായോഗങ്ങൾ

**LAKA ST. THOM MAR THOMA CHURCH**
EDAYARANMULA
PH: 2317807 (O), 2319401 (Vicar)
2317025 (Asst. Vicar), 2319460 (Pakalveedu)
E-mail: lakamtc@gmail.com
Web: www.lakamtc.com

# ഇടവകവികാരിയുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

**ക്രിസ്തേശുവിൽ സ്നേഹവന്ദനം.....**

ഒരു പുതിയ വർഷത്തിലേക്കു പ്രവേശിച്ചിരിക്കുന്നു. ഈ വർഷം ധാരാളം ദൈവകൃപയനുഭവിപ്പാനും, നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിറവേറ്റുവാനും, ദൈവം ആഗ്രഹിക്കുന്നതുപോലെ നമ്മുടെ ജീവിതങ്ങൾ രൂപപ്പെടുവാനും ദൈവം സഹായിക്കട്ടെ എന്ന് ആദ്യമായി പ്രാർത്ഥിക്കാം.

പോയവർഷം പൊതുവെ സങ്കീർണ്ണമായ പല സാഹചര്യങ്ങളുടെയും കാലമായിരുന്നു. ദുഖസ്മൃതികളുയർത്തുന്ന, നൊമ്പരപ്പെടുത്തുന്ന അനേകം അനുഭവങ്ങളുണ്ടായിരുന്നു. ഒടുവിലായി ഓഖി എന്ന രാക്ഷസഭാവമുള്ള ചുഴലിക്കാറ്റ് വിതച്ച താണ്ഡവവുമായിട്ടാണ് അവസാനിച്ചത്. നമ്മുടെ ഇടവകയിലും അനേകം ആളുകൾ നിത്യതയിലേക്കു പ്രവേശിച്ചു. ആദരാഞ്ജലികൾ അർപ്പിക്കുന്നു.

എന്നാൽ ഈ വർഷം അങ്ങനെയായിരിക്കണമെന്നില്ല. മനുഷ്യരാശിയെ ഓർമ്മപ്പെടുത്തുന്നതിനുവേണ്ടിയും, മനം തിരിയുന്നതിനുവേണ്ടിയും ചില സൂചനകൾ ചരിത്രത്തിലും പ്രകൃതിയിലും നൽകും. അവ നമ്മെ കൂടുതൽ ദൈവവിചാരമുള്ളവരാകുവാൻ വേണ്ടിയുള്ള ദൈവീകക്രമീകരണങ്ങളാണ്. മുന്നറിവുകളും, മുന്നറിയിപ്പുകളും അവഗണിക്കുന്നത് അപകടകരമാണ് എന്നുള്ള സൂചനകളാണവ.

സമാഗതമാവുന്ന പുതുവൽസരം പ്രതീക്ഷയുടെ പുത്തൻ അനുഭവങ്ങൾ നൽകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ദൈവം മനുഷ്യരാശിയെ സ്നേഹിക്കുന്നു. പറഞ്ഞാൽ തീരാത്ത ദാനങ്ങളാൽ അവൻ അവരെ അനുഗ്രഹിക്കുന്നു. നമ്മൾ നാവെടുത്തു ഈ ഭൂമിക്കുവേണ്ടിയും മനുഷ്യരാശിക്കുവേണ്ടിയും പ്രാർത്ഥിക്കുക. നമ്മുടെ കാലഘട്ടത്തെ, തലമുറകളെ അനുഗ്രഹിക്കുക. നല്ലതു സംഭവിക്കുമെന്നു ആശിക്കുകയും പറയുകയും ചെയ്യുക. നമ്മുടെ നാവുകൾ നന്മയുടെ വാക്കുകൾ ഉച്ചരിക്കുന്ന അവയവങ്ങളായി മാറ്റുക. സഭയെക്കുറിച്ചും ഇടവകയെക്കുറിച്ചും, വിശ്വാസസമൂഹത്തെക്കുറിച്ചുമൊക്കെ അങ്ങനെ പറയുക. നമ്മിലെ നന്മ കണ്ടെത്തുവാൻ ശ്രമിക്കുക. നന്മയുടെ പ്രതിരൂപങ്ങളായി മാറുക.

ഈ വർഷവും ഇടവകയുടെ സെന്തോം ഫെസ്റ്റ് 2018 ഫെബ്രുവരി മാസം 3-ാം തീയതി ശനിയാഴ്ച നടത്തുവാൻ ആഗ്രഹിക്കുന്നു. വളരെ വിപുലമായ പരിപാടികളാണ് ക്രമീകരിക്കുന്നത്. സാധനലേലം, വില്പന, കുക്കറി ഷോ, ഫുഡ് ഫെസ്റ്റിവൽ, കലാപരിപാടികൾ, ക്ലാസുകൾ മുതലായവ ക്രമീകരിക്കപ്പെട്ടിട്ടുണ്ട്. സെയിൽ കൗണ്ടറിൽ വിൽക്കുവാനുള്ള സാധനങ്ങളുടെ വാഗ്ദാനങ്ങൾ എല്ലാ ഭവനങ്ങളിൽ നിന്നും ശേഖരിച്ച് അവ ഫെസ്റ്റിനു മുമ്പായി ദേവാലയത്തിൽ കൊണ്ടുവരിക. പത്തു ഭാഗത്തെ സേവികാസംഘങ്ങൾ അവരുടെ കൗണ്ടറുകൾ ക്രമീകരിക്കുക. കൂടാതെ സ്പോൺസർഷിപ്പുകൾ ലഭ്യമാക്കുക മുതലായവ ക്രമീകരിക്കപ്പെടേണ്ടതായിട്ടുണ്ട്. എല്ലാവരും നിർലോഭമായി സഹായിച്ച് സെന്തോം ഫെസ്റ്റ് വിജയമാക്കിതീർക്കണം.

ഇംഗ്ലീഷ് മീഡിയം സ്കൂൾ പുനരുദ്ധീകരിച്ചേ മതിയാവുകയുള്ളൂ. കാലഘട്ടത്തിനനുസൃതമായി ക്ലാസുകളും മറ്റും പരിഷ്കരിക്കണം. സാമ്പത്തിക ച്ചെലവുകൾ ഏറെയുണ്ട്. എല്ലാവരുടെയും നിർലോഭമായ പ്രാർത്ഥനയും ആഗ്രഹിക്കുന്നു. പുതുവർഷത്തിൽ ഇടവകയുടെ വളർച്ചയ്ക്കുവേണ്ടി, കൂട്ടായ്മയുടെ വർദ്ധനവിനുവേണ്ടി ആവോളം പരിശ്രമിക്കാം.

കർത്താവ് ഏവരെയും അതിനു സഹായിക്കട്ടെ.

എന്ന് കർതൃശുശ്രൂഷയിൽ

**ജോൺസൺ അച്ചൻ**

# എഡിറ്റോറിയൽ



## ക്രിസ്തുവേശുവിൽ സ്നേഹവന്ദനം.....

2018ലേക്ക് പ്രതീക്ഷയോടെ നാം പ്രവേശിച്ചു. കഴിഞ്ഞ സംവത്സരം ദൈവം നടത്തിയ വഴികളെയും വിധങ്ങളെയും നന്ദിയോടെ ഓർക്കാം. പുതിയ സംവത്സരത്തിന്റെ സാധ്യതകളെ ക്രിയാത്മകമായി ഉപയോഗിക്കാൻ ദൈവം സഹായിക്കട്ടെയെന്ന് ആശംസിക്കയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മനുഷ്യൻ ചിന്തിക്കുന്ന ജീവിയാണ്. എന്നാൽ മനുഷ്യനെ മനുഷ്യനാക്കുന്നത് അവന്റെ ബൗദ്ധികതലം മാത്രമല്ല. ദൈവികമായി അവന് ലഭിച്ച സ്നേഹത്തിന്റെയും, കരുണയുടെയും, ക്ഷമയുടെയും, സഹാനുഭൂതിയുടെയും പച്ചപ്പും നനവും കൊണ്ടുകൂടിയാണ്. മനുഷ്യനിലെ പച്ചപ്പും നനവും കൈമോശം വന്നു തുടങ്ങിയാൽ മനുഷ്യമുഖത്തോടുകൂടിയ അധമജീവികളായിരിക്കും ഉണ്ടാവുക. ക്രിസ്തു നമ്മെ ഒരേ സമയം ബുദ്ധിയോടെ ജീവിക്കണമെന്നും (ദൈവരാജ്യത്തിന്റെ ബുദ്ധി) അതേസമയം സ്നേഹത്തോടെ ജീവിക്കണമെന്നും നിഷ്കർഷിക്കുന്നു. സോഫിയ നമ്മുടെ മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കയാണ്. അവൾക്ക് സംവേദിക്കാനും, മനുഷ്യനെപ്പോലെ പ്രതികരിക്കാനും കഴിവുണ്ട്. സോഫിയ ഒരു humanoid robot ആണ്. അവൾക്ക് സൗദി അറേബ്യ പൗരത്വം നൽകിയിട്ടുണ്ട്. സോഫിയ വരുവാനുള്ളതിലേക്കുള്ള ഒരു കൈചൂണ്ടിയാണ്. ഒരുപക്ഷെ നാളെ മനുഷ്യൻ ഒരു യന്ത്രസംവിധാനത്തിന്റെ ഭാഗമായി മാറിപ്പോകുമായിരിക്കും ആർക്കറിയാം. നമുക്ക് ഈ വർഷം ആത്മാർത്ഥമായി ഇടപെടാം. അർത്ഥവത്തായി ജീവിക്കാം. സ്നേഹത്തിൽ നിലനിൽക്കാം. കൃപ കൂടെയിരിക്കട്ടെ.



ബിനു അച്ചൻ

# സ്നേഹപൂർവ്വം....

പുതുവർഷത്തിന്റെ പുലരിയിൽ.......കർത്ത്യസന്നിധിയിൽ മനസ്സ് ഏകാഗ്രമാക്കുമ്പോൾ,അവിടുത്തെ പരിപാലനത്തിന്റെ അറുതിയില്ലാത്ത ഓർമ്മകൾ പ്രാർത്ഥനാനിർഭരമായ മനസ്സുകളിൽ ഉറവെടുക്കും. അപ്രതീക്ഷിതവും അസ്വീകാര്യവും അസുഖകരവുമായ അനുഭവങ്ങളിലും ആനന്ദ ആഹ്ളാദവേളകളിലും ദൈവവുമായുള്ള ബന്ധത്തിന് ഒരു മാറ്റവുമില്ല എന്ന ബോധ്യം നിലാവെളിച്ചമായി നമ്മുടെ നിയോഗവഴികളിൽ നിറയട്ടെ. നാഥാ, പുതുവർഷപ്പുലരിയിൽ ഒരു കാര്യം മാത്രം അപേക്ഷിക്കുന്നു....അങ്ങയോടുകൂടെ നടക്കുവാൻ ഞങ്ങൾക്ക് ഇടയാക്കേണമേ....***നിന്റെ വഴി എന്നെ അറിയിക്കണമേ.*** (പുറ 33.13)

കൺവൻഷൻ നാളുകളുമായി പുതുവൽസരം കടന്നു വരുന്നു....അനുഗ്രഹത്തിന്റെയും ആശ്വാസത്തിന്റെയും വചനം ഞങ്ങൾക്ക് തരൂ എന്നാവശ്യപ്പെടുന്ന വ്യക്തികളുടെയും വിശ്വാസ സമൂഹത്തിന്റെയും ആത്മാവിന്റെ ആഴങ്ങളിൽ നിന്നുള്ള നിലവിളികൾക്ക് ഇടവകയും സഭയും നല്കുന്ന ഉത്തരമാണ് കൺവൻഷൻ. നമ്മുടെ ഇടവക കൺവൻഷനുകൾ **എരുമക്കാട്, കളരിക്കോട്, മാലക്കര, ഇടയാറന്മുള** ഭാഗങ്ങളിലായി **2017 ഡിസംബർ 29,,30 2018 ജനുവരി 5,6,12,13, 19,20 തീയതികളിൽ** യഥാക്രമം നടത്തപ്പെടുന്നു.തുടർന്ന് **ഭദ്രാസന കൺവൻഷൻ ജനുവരി 25,26,27,28** തീയതികളിലും **മാരാമൺ കൺവൻഷൻ ഫെബ്രുവരി 11 മുതൽ 18 വരെയും** നടത്തപ്പെടുന്നു. കെടാത്തതും ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ നമ്മുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കപ്പെടുവാനും നവീകരിക്കപ്പെടുവാനും കൺവൻഷനുകളിലൂടെ അരുമനാഥൻ അനുഗ്രഹിക്കട്ടെ.

***കർത്താവിന്റെ വചനം എന്നേക്കും നിലനില്ക്കുന്നു. അത് ആകുന്നു നിങ്ങളോട് പ്രസംഗിച്ച വചനം*** (1 പത്രോ.33: 13)

**സെന്തോം ഫെസ്ററ്** – ഒരുമയുടെ ആഘോഷം....**2018 ഫെബ്രുവരി 3 ന്** വിവിധ പരിപാടികളിലൂടെ നടത്തപ്പെടുന്നു. നല്കുവാനും പങ്കിടുവാനും ഒരുമിക്കുവാനും ഒരു ദിനം. ഇടവകയുടെ സാമ്പത്തിക പ്രതിസന്ധികൾക്ക് പരിഹാരം -ഈ അവസരം ദൈവത്തിൽ ശരണപ്പെട്ട് പ്രയോജപ്പെടുത്താം.

***യഹോവ തന്റെ ജനത്തിൽ പ്രസാദിക്കുന്നു*** (സങ്കി 149.4)

വലിയനോമ്പിന്റെ ദിനങ്ങളിലേക്ക് വീണ്ടും......ക്രിസ്തീയ ആരാധനനാവർഷത്തിന്റെ ഹൃദയഭാവമാണ് നോമ്പുകാലം... ക്രിസ്തുവിന്റെ സഹനവഴികളെ ധ്യാനിച്ച് മനസ്സ് പവിത്രമാക്കുന്ന ദിനങ്ങൾ...ക്രിസ്തുവിന്റെ ജീവിതശൈലിയിലേക്ക് വളരുവാൻ, ക്രിസ്തുവിന്റെ മനസ്സ് ധ്യാനിച്ചെടുക്കുവാൻ **ഫെബ്രുവരി 19** മുതൽ ഇടവകയിൽ ക്രമീകരിച്ചിരിക്കുന്ന നോമ്പ് പ്രാർത്ഥനകൾ നമുക്ക് ഒരോരുത്തർക്കും അനുഭവദീപ്തമായി തീരട്ടെ.

***യഹോവയിൽ പ്രത്യാശവെച്ചുകൊൾക.*** (സങ്കി 130. 7)

**മാമ്മൻ മാത്യു**
ഇടവക സെക്രട്ടറി

# ദയ (Compassion)

## റ്റി.സി. തോമസ്, വെമ്മേലിൽ തടത്തിൽ

ദൈവത്തിന്റെ നാട് എന്ന് പറയപ്പെടുന്ന നമ്മുടെ കൊച്ചുകേരളത്തിൽ, വിശ്വാസികൾ എന്ന് അഭിമാനിക്കുന്നവരിൽ ദയമുണ്ടോ എന്ന് ചിന്തിക്കുന്നത് നല്ലതാണ്. എന്താണ് ദയ? രണ്ടക്ഷരം മാത്രമുള്ള ഈ വാക്ക് ധാരാളം നാം കേട്ടിട്ടുണ്ട്. എന്നാൽ ഇതിൽ അടങ്ങിയിരിക്കുന്ന അർത്ഥം നാം മനസിലാക്കിയിട്ടുണ്ടോ?

പ്രിയ ദൈവജനമേ ദയ എന്നു പറഞ്ഞാൽ നാം അർഹിച്ചതു തരാതിരുന്നതും, നാം അർഹിക്കാത്തതു നമുക്ക് തന്നതുമാണ് ദയ. എന്നു പറഞ്ഞാൽ നാം അർഹിച്ചത് എന്തായിരുന്നു? മരണം..നമ്മുടെ മേൽ വന്ന നിത്യമരണം നമ്മുടെ കർത്താവ് സ്വയം ഏറ്റ് നമ്മുടെ മരണം മാറ്റി. നാം അർഹിക്കാത്തത് എന്തായിരുന്നു ? ജീവൻ. നമ്മുടെ മരണം സ്വയം കർത്താവ് കാൽവറിക്രൂശിലൂടെ ഏറ്റ് അതിനുപകരം നമുക്കവൻ നിത്യജീവൻ തന്നു. അതാണ് സഹോദരങ്ങളെ ദയ. ദയയുടെ വലിയ ഒരു പട്ടിക 136-ാം സങ്കീർത്തനത്തിൽ കാണുവാൻ സാധിക്കും.

ആരാണ് ഈ പാട്ട് പാടാത്തത്, എന്തിനാണ് ഈ പാട്ട് പാടിയത്, എപ്പോഴാണ് ഈ പാട്ട് പാടിയത് എന്ന് പ്രിയ സഹോദരങ്ങൾക്കറിയാമോ? ഈ പാട്ട് പാടിയത് മോശയും ഏകദേശം 21 ലക്ഷം വരുന്ന യിസ്രായേൽ ജനങ്ങളും. എന്തിനാണ് പാടുന്നത് ? ചെങ്കടൽ കടന്ന് മറുകരയിൽ നിന്നുകൊണ്ട് ദൈവത്തിന്റെ ദാസനായ മോശയിൽക്കൂടി വിടുവിക്കപ്പെട്ട യിസ്രായേൽ ജനം ഇതാ ചെങ്കടൽത്തീരത്ത് നിസ്സഹായനായി നിൽക്കുകയാണ്. അലറിയടിക്കുന്ന തിരമാലകളെ നോക്കി പകച്ചു നിൽക്കുന്ന ജനം. ഫറവോനും സൈന്യവും അവരെ പിന്തുടർന്നുകൊണ്ടിരിക്കുന്നു. അല്പം കഴിഞ്ഞാൽ അവർ പിടിക്കപ്പെടും. ജനം ആ ചെങ്കടൽത്തീരത്ത് മരിച്ചുവീഴാൻ പോകയാണ്. എന്നാൽ എന്താണ് സംഭവിച്ചത് ? യിസ്രായേലിന്റെ ദൈവം അവർക്കുവേണ്ടി പ്രവർത്തിക്കുകയാണ്. മഹാസമുദ്രത്തിലെ വെള്ളം രണ്ട് മതിലുകളായി ത്തീരുകയാണ്. നാഷണൽ ഹൈവേ മാതിരി ഉണങ്ങിയ പാത ഉണ്ടായി. അതിൽക്കൂടി മോശയും താൻ മിസ്രയീമിൽ നിന്നു കൊണ്ടുവന്ന സകലജനവും അക്കരെ കടക്കുവോളവും, ഫറവോനും അവന്റെ സൈന്യവും സമുദ്രമദ്ധ്യേ വരുന്നതുവരെയും ചെങ്കടലിലെ വെള്ളം വലിയ അണക്കെട്ടുപോലെ നിന്നു. തന്റെ ജനമായ യിസ്രായേൽ ജനമൊക്കെയും മറുകര കടക്കുകയും, ഫറവോനും സൈന്യവും ചെങ്കടൽ നടുവിൽ വരികയും ചെയ്തപ്പോൾ സമുദ്രം പഴയതുപോലെ ആകുകയും ശത്രുസൈന്യം മുഴുവനും നശിക്കുകയും തന്റെ ജനത്തെ രക്ഷിക്കുകയും ചെയ്തു. ഈ രക്ഷപെട്ട ജനം എങ്ങനെ വലിയവനും മഹോന്നതനുമായ ദൈവത്തെ പാടി സ്തുതിക്കാതിരിക്കും.

ദൈവത്തോട് പാപം ചെയ്ത് അകന്നുപോയ ജനത്തിന് ലഭിക്കേണ്ടത് മരണം ആയിരുന്നു. എന്നാൽ ആ മരണം മാറ്റി അവർക്ക് ജീവൻ നൽകി. അതാണ് ദയ. ഇതുപോലെ പാപികളായിരുന്ന നമ്മെ ക്രിസ്തുവിൽക്കൂടി രക്ഷിച്ച് നിത്യജീവൻ ലഭിച്ച ദൈവജനം എങ്ങനെ പാടാതിരിക്കും. ഒരു പാട്ടിന്റെ ചില വരികൾ ഓർമ്മ വരുന്നു. ഒരുമിച്ചു പാടാം.

ദയ ലഭിച്ചോർ നാം സ്തുതിച്ചീടുവോം...
അതിനു യോഗ്യൻ ക്രിസ്തുവത്രെ..........
മാധുര്യരാഗമാം ഗീതങ്ങളാലെ.................
അവനെ നാം പുകഴ്ത്തീടാം....................

മീഖാ പ്രവചനം ആറാം അദ്ധ്യായത്തിന്റെ എട്ടാം വാക്യത്തിൽ പറയുന്നതുപോലെ ദയാതല്പരരായി ജീവിക്കുവാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും പുതുവർഷാശംസകൾ നേർന്നുകൊണ്ടും നിർത്തുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

കവിത

# പുതുവർഷം

**ബിനോയ്, ആനിക്കാട്ട് കൊളഞ്ഞിക്കൊമ്പിൽ**

വർഷമെന്നൊരു ചെറുമരത്തിൽ
മാസങ്ങളാകുന്ന ചില്ലകൾ
ഇലകളായ് ഇതിൽ ദിനങ്ങളും
ഫലങ്ങളായ് പല ആഘോഷങ്ങളും
പുതുവർഷങ്ങളാകുന്ന ചെറുമരച്ചില്ലയിൽ
കൂടുകൂട്ടുന്നു നാം ദേശാടനപക്ഷിപോലെ
പോകണം നമുക്കീ ചില്ല വിട്ടൊരിക്കൽ
ഓർമ്മകളായ് പിന്നെയീ ചില്ലകളിൽ വന്നിടാൻ
ചെയ്യുന്നതിലെല്ലാം നന്മകളെ ചേർക്കാം
ആ നന്മകളെ ഉണ്ടാവൂ ഇല്ലാത്ത നേരവും
പിന്നെയും നമ്മെയീ ഭൂമിയിലായ് ഓർക്കുവാൻ
പുതുവർഷമായ് വരുമൊരു മാസത്തിൻ ദിനത്തിൽ
ഒരു തിരിയായ് ആ നന്മകൾ
മിഴിനീരിൽ തെളിയുവാൻ.

# സാധു കൊച്ചൂഞ്ഞ് ഉപദേശി അനുസ്മരണ കൺവൻഷൻ – 2017

മലയാള ക്രൈസ്തവ നഭോമണ്ഡലത്തിൽ മിന്നും താരകമായി ഉയർന്നു ശോഭിക്കുന്ന സാധു കൊച്ചൂഞ്ഞ് ഉപദേശിയെ അനുസ്മരിച്ചുകൊണ്ട് ആ ഉജ്വലപ്രഭാവനായ സുവിശേഷസേനാനിയുടെ ത്യാഗസുരഭിലമായ ജീവിതവും സാക്ഷ്യവും സേവനങ്ങളും പുതുതലമുറയ്ക്കു പരിചയപ്പെടുത്തുന്നതിലേക്കും ഇടവകയ്ക്കും ചുറ്റുപാടുകൾക്കും ഒരു പുനരുജ്ജീവനം സാധ്യമാകുന്നതിനുമായി ബഹു.വികാരി അച്ചന്മാരുടെയും ഇടവക ഔദ്യോഗികചുമതലക്കാർ, കൈസ്ഥാനസമിതി, പോഷകസംഘടനകൾ എന്നിവരുടെയും ജാഗ്രതയോടുള്ള പ്രാർത്ഥനാപൂർവ്വമായ അലോചനകളും ക്രമീകരണങ്ങളും യഥാർത്ഥമായ ഫലപ്രാപ്തിയിലേക്ക് ഏവരെയും നയിച്ചു- നടത്തിക്കൊണ്ടിരിക്കുന്നു എന്നതാണ് 2017 ഒക്ടോബർ 27, 28,29 എന്നീ ദിവസങ്ങളിൽ പള്ളിയിൽ നടത്തപ്പെട്ട പ്രസ്തുതകൺവൻഷനെക്കുറിച്ച് ആദ്യമായി രേഖപ്പെടുത്താനുള്ളത്. തന്റെ ഭക്തന്മാരുടെ ആഗ്രഹം അവൻ സാധിപ്പിക്കും എന്ന തിരുവചനം അക്ഷരാർത്ഥത്തിൽ ഇവിടെ നിറവേറുകയായിരുന്നു. റവ. ജോൺസൺ വറുഗീസ്, റവ. ബിനു തോമസ് എന്നീ വൈദികരുടെ ആത്മീകദൂരക്കാഴ്ചയുടെ ഫലസിദ്ധികൂടിയായി ഈ കൺവൻഷൻ. ഇടവക ഒന്നായി നിന്ന് കൺവൻഷൻ ഏറ്റെടുത്തു നടത്തി, അതിന്റെ നന്മ അനുഭവിക്കുകയും ചെയ്യുന്നു.

ഈ കൺവൻഷന്റെ നടത്തിപ്പിനായി ഏകദേശം 5 മാസത്തെ ആലോചനകൾ, പ്രാർത്ഥനകൾ, ക്രമീകരണങ്ങൾ എന്നിവ നടന്നത് പ്രത്യേകം പ്രസ്താവിക്കേണ്ടതാണ്. പ്രത്യേകമായുള്ള പ്രാർത്ഥനകൾ, ഉപവാസയോഗങ്ങൾ, ചെയിൻ പ്രെയർ എന്നിവയോടൊപ്പം ഇടവകയിലും സമീപസ്ഥലങ്ങളിലെ പള്ളികളിലും നോട്ടീസുകളുടെ വിതരണം, സണ്ടേസ്കൂളുകളിലെ സന്ദർശനം, കലയപുരം സീയോൻകുന്ന്, ഉതിമൂട് ഒലിവുമല എന്നീ കൊച്ചുകുഞ്ഞുപദേശിയാൽ സ്ഥാപിതമായ കൺവൻഷൻ കേന്ദ്രങ്ങളിലെ സന്ദർശനങ്ങൾ, ഫ്ളെക്സ് ബോർഡുകൾ സ്ഥാപിക്കൽ, പ്രസ് കോൺഫറൻസ് എന്നീ ബഹുമുഖപ്രചരണങ്ങളിലൂടെ മുന്നേറിക്കൊണ്ടിരുന്നു.പള്ളിയുടെ മുമ്പിലെ പന്തൽ, സി.സി.ടി.വി, ലൈവ് ടെലികാസ്റ്റ്, ലൈറ്റ് & സൗണ്ട്, ട്രാൻസ്പോർട്ടേഷൻ മുതലായവ അതാതു കമ്മറ്റികളുടെ മേൽനോട്ടത്തിൽ ക്രമീകരിക്കപ്പെട്ടു.

സ്പോൺസർഷിപ്പിൽ പാട്ടു പുസ്തകം പ്രിന്റു ചെയ്യുകയും ഗായകസംഘം പ്രത്യേകം ഗാനപരിശീലനം നടത്തുകയും ചെയ്തു. പ്രോഗ്രാം ഷീറ്റുകൾ തയ്യാറാക്കപ്പെടുകയും പ്രസംഗകരെയും വിശിഷ്ടാതിഥികളെയും നിരന്തരം ബന്ധപ്പെടുകയും ചെയ്തു. ഇതോടൊപ്പം ഭക്ഷണക്രമീകരണം ഫുഡ് കമ്മറ്റി നിർവ്വഹിക്കുന്നുണ്ടായിരുന്നു. പ്രെയർ സെൽ കൂടുതൽ ശക്തമായി; യോഗദിവസ

ങ്ങളിൽ വൈകുന്നേരം 1 മണിക്കൂർ ഇടവക ഗസ്റ്റ് റൂം പ്രാർത്ഥനയ്ക്കായി വേർതിരിച്ചു കുറച്ചുപേർ പ്രാർത്ഥിച്ചു. മഴ പ്രതികൂലമാകുമോ എന്നു സംശയിച്ചെങ്കിലും തക്ക സമയങ്ങളിൽ തെളിഞ്ഞ അന്തരീക്ഷം നൽകി ദൈവം അനുഗ്രഹിച്ചു.

അങ്ങനെ നാം കാത്തിരുന്ന സമയം സമാഗതമായി. 2017 ഒക്ടോബർ 27 വെള്ളിയാഴ്ച വൈകുന്നേരം. ഇടവകവികാരിമാർ, ഔദ്യോഗിക ഭാരവാഹികൾ, കേന്ദ്രസ്ഥാനസമിതിയംഗങ്ങൾ എന്നിവരോടൊപ്പം താല്പര്യമുള്ള ജനങ്ങളും പള്ളിയങ്കണത്തിൽ നേരത്തെതന്നെ എത്തി. പള്ളിയ്ക്കകവും പുറവും പ്രഭാപൂരിതമായി. ആദ്യദിനത്തിലെ യോഗത്തിൽത്തന്നെ സംബന്ധിക്കാൻ പ്രാർത്ഥിച്ചും കാത്തുപാർത്തുമിരുന്ന ദൈവജനം പള്ളിയിലും പരിസരത്തും നിറഞ്ഞുകൊണ്ടിരിക്കെ, ക്ഷണിക്കപ്പെട്ട വിശിഷ്ടവ്യക്തികൾ എത്തിച്ചേരവെ, ഗായകസംഘം പിന്നണിയോടൊപ്പം നിരക്കവെ, സി.സി.ടി.വി ശക്തമായ വെളിച്ചത്തിൽ ക്യാമറ തിരിച്ചുകൊണ്ടിരിക്കവെ 6 മണിയായപ്പോൾ പള്ളിമണി മുഴങ്ങുകയായി. എന്തൊക്കെയോ പ്രത്യേകമായ ഒരു ആത്മീകാന്തരീക്ഷം എല്ലാവർക്കും അനുഭവപ്പെട്ടു തുടങ്ങി. ബഹ.കെ.വി. ശമുവേലച്ചന്റെ പ്രാർത്ഥനയോടെ കൺവൻഷൻ നടപടികൾ ആരംഭിച്ചു. 8 അംഗഗായകസംഘം അവാച്യമായ ഒരു ആത്മീകാനുഭൂതിയിലേക്കു സദസ്സിനെ നയിച്ചു. സാധുവിന്റെ ഗാനങ്ങൾ ആലപിക്കുന്നത് ഏതു ഹൃദയത്തെയും ത്രസിപ്പിക്കുന്നതായിരുന്നു. ചെങ്ങന്നൂർ - മാവേലിക്കര ഭദ്രാസന വികാരി ജനറാൾ വെരി.റവ.ഡോ. സി.കെ. മാത്യു കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

ശ്രീ. തോമസ് ജോർജ് കൊച്ചി, ശ്രീ. ജെന്നി ക്രിസ്റ്റഫർ ബാഗ്ലൂർ, റവ.ഡോ. പ്രേംജിത് കുമാർ കാട്ടാക്കട എന്നിവർ മുഖ്യപ്രസംഗകരായിരുന്നു. ശ്രീ. ബേസിൽ ജോർജ് എറണാകുളം, ശ്രീ. ഷൈൻ വർഗീസ് കോട്ടയം എന്നിവർ സാക്ഷ്യങ്ങളും കുട്ടികൾക്കായുള്ള മീറ്റിംഗിന് സി.എസ്.എസ്.എം പ്രവർത്തകർ നേതൃത്വവും നൽകി. ഞായറാഴ്ച വി.കുർബ്ബാനയ്ക്ക് റവ.ലിജു രാജു താമരക്കുടി മുഖ്യകാർമ്മികത്വം വഹിച്ചു. സമാപനയോഗത്തിൽ ശക്തമായ വചനപ്രഘോഷണത്തെ തുടർന്ന് റവ.ഡോ.പ്രേംജിത് കുമാർ സമർപ്പണത്തിനായി ആഹ്വാനം ചെയ്തപ്പോൾ എഴുന്നേറ്റ് നിന്ന് ജനം സമർപ്പണം പുതുക്കുകയും പുതിയ തീരുമാനങ്ങളെടുക്കുകയും ചെയ്തു. അതിന്റെ സദ്ഫലങ്ങൾ ദൈവം തുടർന്നും നൽകട്ടെയെന്ന് ആഗ്രഹിച്ച് പ്രാർത്ഥിക്കുന്നു. ദൈവം തന്റെ ജനത്തെ ഇനിയും സന്ദർശിക്കും. അതിനായി ഒരുങ്ങാം, കാത്തിരിക്കാം, പ്രാർത്ഥിക്കാം.

സഹായസഹകരണങ്ങൾ നൽകിയ എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. സർവ്വമാനവും മഹത്വവും ദൈവത്തിന് അർപ്പിക്കുന്നു.

**പി.കെ ഗീവർഗീസ്**
കൺവൻഷൻ ജനറൽ കൺവീനർ

# വേദപഠനം



വർഗീസ് ചെറിയാൻ, ചക്കിട്ടമലയിൽ രാജ് വില്ല

(ഈ ലക്കം ചോദ്യങ്ങൾ മാർക്കോസിന്റെ സുവിശേഷം കേന്ദ്രീകരിച്ചുള്ളതാണ്. ഉത്തരങ്ങൾ റഫറൻസ് സഹിതം **30** ദിവസങ്ങൾക്കകം നേരിട്ടോ, ഇടവക ഓഫീസിലോ ഏല്പിക്കുക.)

1. ഈ സുവിശേഷ എഴുത്തുകാരനായ മർക്കോസിന്റെ വ്യക്തിപരവും, കുടുംബപരവുമായി, സുവിശേഷപരമായി മനസിലാക്കിയിട്ടുള്ള അറിവുകൾ എന്തെല്ലാം ? ഒരു ചെറിയ വിവരണം നൽകുക.
2. മർക്കോസിന്റെ സുവിശേഷത്തിൽ യേശുക്രിസ്തുവിനെ എങ്ങനെ ചിത്രീകരിക്കുന്നു ?
3. യേശു ഗലീലയിൽ ആരംഭിച്ച സുവിശേഷപ്രസംഗപ്രഖ്യാപനം എന്ത് ?
4. സെബദിമക്കൾക്ക് യേശു ഇട്ട പേരെന്ത് ?
5. അവന്റെ അവസാനം വന്നു - ആര് ? ആരെക്കുറിച്ച് പറഞ്ഞു ?
6. ഭൂമിയിലെ എല്ലാ വിത്തിലും ചെറിയത് ഏത് ? വളർച്ച എങ്ങനെ ?
7. ലെഗ്യോൻ ബാധിച്ച മനുഷ്യന്റെ സ്വദേശം ഏത് ?
8. ശിഷ്യന്മാരെ കൈക്കൊള്ളാതെയും, അവരുടെ വാക്ക് കേൾക്കാതിരിക്കയും ചെയ്താൽ തങ്ങൾ സാക്ഷ്യത്തിനായി എന്ത് ചെയ്യണം എന്ന് ഉപദേശിച്ചു.
9. മറ്റ് സുവിശേഷങ്ങളിൽ ഇല്ലാത്ത മൂന്ന് കാര്യങ്ങൾ മർക്കോസ് രേഖപ്പെടുത്തുന്നു . അവ എന്തെല്ലാം ?
10. തന്റെ ജനനോത്സവം കൊണ്ടാടിയ രാജാവ് ആർ ? ഉത്സവത്തിന്റെ അവസാനം സംഭവിച്ച ദുരന്തം എന്ത് ?
11. യേശു ഏത് സമയത്താണ് കടലിന്മേൽ നടന്ന് ശിഷ്യന്മാരും അടുക്കൽ എത്തിയത് ? ശിഷ്യന്മാർ എന്ത് നിരൂപിച്ചു ?
12. ആത്മാവിൽ ഞരങ്ങിയത് ആർ ? എന്തിന് ഞരങ്ങി ?
13. ആര്, ആരോട് പറഞ്ഞു :- നിങ്ങൾ ഇങ്ങനെ ഹൃദയത്തിൽ ചിന്തിക്കുന്നത് എന്ത് ?
14. ആര്, ആരോട് പറഞ്ഞു :-മകളെ നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു
15. ആര്, ആരോട് പറഞ്ഞു :- ഈ വാക്ക് നിമിത്തം പൊയ്ക്കൊൾക
16. നാലായിരം പേർ തിന്നു തൃപ്തരായപ്പോൾ എത്ര അപ്പവും, മീനും യേശു വാഴ്ത്തിക്കൊടുത്തു? എത്ര വട്ടി ശേഷിച്ചെടുത്തു ?
17. പരീശന്റെ പുളിച്ച മാവും, ഹെരോദാവിന്റെ പുളിച്ച മാവും എന്തിനെ കാണിക്കുന്നു ?

18. എഫഥാ- എന്ന വാക്കിന്റെ അർത്ഥം എന്ത് ?
19. രണ്ട് ഘട്ടങ്ങളിലായി സൗഖ്യം പ്രാപിക്കുന്ന ഏക വ്യക്തിയാര് ?
20. ആരെങ്കിലും കർത്താവിനെയും അവന്റെ വചനങ്ങളെയും കുറിച്ച് നാണിച്ചാൽ എന്ത് സംഭവിക്കും ?

## കഴിഞ്ഞ ലക്കം (ഒക്ടോബർ–ഡിസംബർ 2017) വേദപഠനം ഉത്തരങ്ങൾ

1. നിത്യജീവൻ - മത്താ. 19:29
2. സെബദിപുത്രന്മാരുടെ അമ്മ - 20:20,21
3. യോഹന്നാൻ സ്നാപകനെ - 21:32
4. സങ്കീ.118:22-23, അ.പ്ര.4:11, 1 പത്രോ.2:7, മത്താ.21:42
5. ഈ കല്ലിന്മേൽ വീഴുന്നവൻ തകർന്നുപോകും. അത് ആരുടെ എങ്കിലും മേൽ വീണാൽ അവനെ ധൂളിപ്പിക്കും - 21:44
6. ഗൃഹസ്ഥനായ മനുഷ്യൻ = ദൈവം, മുന്തിരിത്തോട്ടം = യിസ്രായേൽ, കുടിയാന്മാർ = പ്രമാണിമാർ, ദാസന്മാർ = പ്രവാചകന്മാർ, മകൻ = ക്രിസ്തു - 21:33-41
7. കല്യാണവിരുന്ന് ഒരുക്കിയ രാജാവിന്റെ ക്ഷണനം 2 പ്രാവശ്യവും സ്വന്തക്കാർ നിരസിച്ചതിനാൽ - 22:1-14
8. കല്യാണവസ്ത്രം ഇല്ലാതെ അകത്ത് കണ്ടതിനാൽ - 22:11-13
9. കൈസർക്കുള്ളത് കൈസർക്കും, ദൈവത്തിനുള്ളത് ദൈവത്തിനും കൊടുപ്പിൻ എന്നു പറഞ്ഞു - 22:21
10. പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല, വിവാഹത്തിനു കൊടുക്കുന്നുമില്ല, സ്വർഗത്തിലെ ദൂതന്മാരെപ്പോലെ അത്രേ ആകുന്നു - 22:30
11. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണഹൃദയത്തോടും, പൂർണ ആത്മാവോടും, പൂർണമനസോടുംകൂടെ സ്നേഹിക്കേണം......കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം...അതായത് ദൈവത്തെ സ്നേഹിക്കുക, കൂട്ടുകാരനെ സ്നേഹിക്കുക - 22:35-39
12. ശാസ്ത്രിമാരും, പരീശന്മാരും.....23:2
13. അവർ പറയുന്നതല്ലാതെ ചെയ്യുന്നില്ല, അവർ ഘനമുള്ള ചുമടുകളെ കെട്ടി മനുഷ്യരുടെ തോളിൽ വെയ്ക്കുന്നു- ഒരു വിരൽ കൊണ്ടുപോലും തൊടുവാൻ അവർക്ക് മനസില്ല, അവർ തങ്ങളുടെ മന്ത്രപ്പട്ട വീതിയാക്കി തൊങ്ങൽ വലുതാന്നു, അവർ അത്താഴത്തിൽ പ്രധാനസ്ഥലവും, പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും, മനുഷ്യർ റബ്ബി എന്ന് വിളിക്കുന്നത് ഇഷ്ടപ്പെടുന്നു. ആദിയായവ - 24:3-15
14. 24:3-15 വരെ

15. നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്ത നായിരുന്നു, ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും, നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക എന്നു പറഞ്ഞു - 25:21
16. രാജാവിന്റെവലത്തുള്ളപിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവർ- നിത്യജീവങ്കലേക്കും, ഇടത്തുള്ള ശപിക്കപ്പെട്ടവർ നിത്യദണ്ഡനത്തിലേക്കും പോകും - 25:31- 46
17. ലോകത്തിൽ എങ്ങും ഈ സുവിശേഷം പ്രസംഗിക്കുന്നിടത്തെല്ലാം അവൾ ചെയ്തത് അവളുടെ ഓർമ്മയ്ക്കായി പ്രസ്താവിക്കപ്പെടും - 26:13
18. യൂദാ ഈസ്ക്കര്യോത്താവ് മഹാപുരോഹിതന്മാരോട് പറയുന്നു - 26:15
19. പത്രോസും, പിന്നീട് ശിഷ്യന്മാർ എല്ലാവരും - 26:35
20. ഗത്ശെമന തോട്ടത്തിൽ വെച്ച് - 26:46

## കഴിഞ്ഞലക്കം വേദപഠനം ശരിയുത്തരം നൽകിയവർ

**1.** ലീലാമ്മ ജോർജ്, പടിയ്ക്കൽ **2.** വൽസമ്മ മാത്യു, ചക്കിട്ടവടക്കേൽ ജെനി വില്ല. **3.** ഏലിയാമ്മ തോമസ്, അണ്ടത്തേത്ത് **4.** അന്നമ്മ ചെറിയാൻ, അണ്ടത്തേത്ത് **5**. വർഗീസ് ഏബ്രഹാം, വള്ളിയുഴത്തിൽ **6.** ഡാലി അന്ന ദാനിയേൽ, മേക്കോൺ ഡാലി ഭവൻ **7.** പി.പി. ശമുവേൽ, ഇരപ്പൻകാലായിൽ **8.** സാറാമ്മ മത്തായി, പുതിയമഠത്തിൽ **9.** വിൻസി തോമസ്, ആനിക്കാട്ട് സ്മിതാ ഭവൻ **10.** അന്നമ്മ തോമസ്, ഇടത്തിമലയിൽ **11.** ജോസഫ് ദാനിയേൽ, കുന്നത്തുപറമ്പിൽ **12.** പുഷ്പ മാത്യു, ആനിക്കാട്ട് താന്നിക്കുന്നിൽ

## ഇടവകമിഷൻ

- ◆ എല്ലാ ചൊവ്വാഴ്ചയും ഇടവകമിഷൻ- സേവികാസംഘം സംയുക്ത മദ്ധ്യസ്ഥപ്രാർത്ഥന പള്ളിയിൽ രാവിലെ 10.30- ന്

## സേവികാസംഘം

- ◆ എല്ലാ ചൊവ്വാഴ്ചയും മദ്ധ്യസ്ഥപ്രാർത്ഥന രാവിലെ 10.30- ന് പള്ളിയിൽ
- ◆ എല്ലാ നാലാം വെള്ളിയാഴ്ചയും സേവികാസംഘം സംയുക്തമീറ്റിംഗ് പള്ളിയിൽ, മറ്റു വെള്ളിയാഴ്ചകളിൽ 10 ഏരിയയിലെയും ഭവനങ്ങളിൽ കൂട്ടായ്മ രാവിലെ 10.30- ന്
- ◆ സെന്റർ മീറ്റിംഗ് - ജനുവരി 12 വെള്ളി - കുറിച്ചിമുട്ടം സെന്റ് ജോൺസ് മാർത്തോമ്മാ പള്ളി 10.00 എ.എം
- ◆ ജനുവരി 26 - ഭദ്രാസനകുടുംബസംഗമം തരംഗം മിഷൻ ആക്ഷൻ സെന്റർ
- ◆ ഫെബ്രുവരി 23 വെള്ളി - സെന്റർ കലാമൽസരം - ആറന്മുള പള്ളി
- ◆ മാർച്ച് 23 സംയുക്തയോഗം പള്ളിയിൽ

# സെന്തോം ഫെസ്റ്റ്

## 2018 ഫെബ്രുവരി 03

| | | |
|---|---|---|
| 9.00 എ.എം. | : | **ഉദ്ഘാടനസമ്മേളനം** |
| | | **പ്രൊഫ.പി.ജെ. കുര്യൻ** (ബഹു. രാജ്യസഭാ ഉപാദ്ധ്യക്ഷൻ) |
| | | **അഭി. ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം** |
| | | **വലിയ മെത്രാപ്പോലീത്താ** |
| 9.30 എ.എം. | : | **കുട്ടികളുടെ സമ്മേളനം** |
| | | **ഇഞ്ചക്കാട് ബാലചന്ദ്രൻ, ചിക്കൂസ് ശിവൻ** |
| 11.00 എ.എം. | : | **വനിതാ സംഗമം – കുക്കറി ഷോ** |
| 2.00 പി.എം. | : | **യുവസംഗമം** |
| | | **ശ്രീ. ഋഷിരാജ് സിംഗ്** |
| | | **പി.സി. വിഷ്ണുനാഥ് Ex. MLA** |
| | | **ശ്രീ. ജോർജ് മാമ്മൻ കൊണ്ടൂർ** (വൈസ് ചെയർമാൻ, പത്തനംതിട്ട ജില്ലാ പഞ്ചായത്ത്) |
| | | **ഫ്യൂഷൻ – യൂത്ത് ബാൻഡ്** |
| 5.00 | : | **പൊതു സമ്മേളനം** |
| | | **അഡ്വ. മാത്യു ടി. തോമസ്** (ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| | | **അഭി. തോമസ് മാർ തിമൊഥെയോസ് എപ്പിസ്ക്കോപ്പാ** |
| | | **വീണാ ജോർജ് എം.എൽ.എ.** |
| | | **ക്യാപ്റ്റൻ രാജു** (സിനി ആർട്ടിസ്റ്റ്) |
| തുടർന്ന് | : | **സംഗീതസന്ധ്യ** |
| | | **ശ്രീ. ബിനോയ് ചാക്കോ** |
| | | **ഇമ്മാനുവേൽ ഹെൻറി** തുടങ്ങിയവർ |

## മാമോദീസാ സ്വീകരിച്ചവർ

| | | |
|---|---|---|
| 1. ജോഹാൻ സിബി തോമസ് | S/o | സിബി തോമസ്, മങ്ങാട്ടുമലയിൽ |
| 2. ജോഹാനാ ലിസ് റിജോ | D/o | റിജോ തോമസ് വർഗീസ്, പടിഞ്ഞാറേ പാണംപടിയ്ക്കൽ |
| 3. ആഡം ജോസഫ് ലിജോ | S/o | ലിജോ ജോസഫ്, കുറ്റിയിൽ ലിജോ ഭവൻ |
| 4. സാഖ് വില്യം | S/o | ഷാജി ജെയിംസ് വില്യം, കണിയാംകണ്ടത്തിൽ |
| 5. ആഷിയാ ലിയാ മനീഷ് | D/o | മനീഷ് മാത്യൂസ്, കൈത്തോട്ടാ തെക്കേതിൽ |
| 6. രൂബൻ കെ. മാത്യു | S/o | മാത്യു ജോർജ്, കുമ്പളപ്പള്ളിൽ |
| 7. അബ്നേർ നിതിൻ | S/o | നിതിൻ വറുഗീസ്, ചെല്ലിമലയിൽ |
| 8. റേച്ചൽ മാത്യു | D/o | സുജിത് സാം മാത്യു, വൈരിശേരിൽ |
| 9. അഡ്രിയാൻ വി. സോജൻ | S/o | സോജൻ എ.വർഗീസ്, വെട്ടിമല |

## വിവാഹിതരായവർ

| | | |
|---|---|---|
| 1. വർഗീസ് സാം<br>ചെമ്മങ്ങാട്ടിൽ വിനു ഭവൻ | ആൻസി അച്ചൻകുഞ്ഞ്<br>കുഴിവിള വടക്കേതിൽ, കരവാളൂർ | 24-09-2017 |
| 2. ജെസ്ന സാറാ വർഗീസ്<br>കൊച്ചുമണ്ണിൽ ജോയൽ വില്ല | ബെനോജ് ബാബു<br>ബെൻ വില്ല, പന്തളം | 30-09-2017 |
| 3. ബിനിതാ ബെന്നി<br>കൈത്തോട്ടാ മലയിൽ | ജസ്റ്റിൻ തോമസ്<br>കാരയ്ക്കാട്ട്, റാന്നി | 23-10-2017 |
| 4. ജാൻസി തോമസ്<br>കോട്ടയ്ക്കകത്തുമലയിൽ | വിനോദ് റ്റി. മാത്യു<br>തറയിൽ, കിടങ്ങന്നൂർ | 13-11-2017 |
| 5. അശോക് വർഗീസ്<br>കൈത്തോട്ടാ അശോക് ഭവൻ | മിനിമോൾ പി.<br>പന്തപ്ലാക്കിഴക്കേതിൽ | 09-12-2017 |
| 6. നിധി തോമസ്<br>പ്ലാവേലിൽ | ബിപിൻ കെ. മാത്യു<br>കോലത്ത്, മുളന്തുരുത്തി | 28-12-2017 |
| 7. സിമി സാറാ ചാക്കോ<br>ചിറവാക്കുളത്തിൽ | ജെസ്റ്റോ രാജു<br>മാമ്പൊഴി വടക്കേതിൽ, തുമ്പമൺ | 28-12-2017 |
| 8. ഡോ. നിക്കി ജെയിൻ തോമസ്<br>കല്ലുവെട്ടാംകുഴിയിൽ | ഡോ. ജിബിൻ ജോർജ്<br>ജിബിൻ നിവാസ്, ചെങ്ങമനാട് | 28-12-2017 |
| 9. ജ്യോതി എലിസബത്ത് റോയി<br>പ്ലാവിള മൗണ്ട് പാരഡൈസ് | സചിൻ തോമസ് ചെറിയാൻ<br>കാഞ്ഞിരപ്പള്ളിൽ മടവന, അഞ്ചൽ | 30-12-2017 |

**ഇടവകയുടെ അനുമോദനം അറിയിക്കുന്നു**

## നിത്യതയിൽ പ്രവേശിച്ചവർ

| | | | | |
|---|---|---|---|---|
| 1. | തങ്കമ്മ ജോൺ | 78 | വടക്കേൽ | 01-10-2017 |
| 2. | അന്നാമ്മ ദാനിയേൽ | 97 | പ്ലാമ്മൂട്ടിൽ | 22-11-2017 |
| 3. | മേരിക്കുട്ടി മാത്യു | 82 | ഇടത്തിമലയിൽ | 27-11-2017 |
| 4. | അന്നമ്മ മാത്യു | 74 | മേനാംമൂട്ടിൽ | 01-12-2017 |
| 5. | മറിയാമ്മ ചാക്കോ | 88 | കുന്നുംപുറത്തുമലയിൽ | 02-12-2017 |
| 6. | മറിയാമ്മ ദാനിയേൽ | 90 | ആക്കനാട്ട് | 17-12-2017 |
| 7. | അന്നമ്മ ജോർജ് | 71 | കുമ്പളപ്പള്ളിൽ | 24-12-2017 |
| 8. | ശമുവേൽ | 85 | കളരിക്കോട്ട് വടക്കേൽ | 28-12-2017 |
| 9. | മാമ്മൻ മത്തായി | 99 | പേരൂർക്കാവിൽ | 26-12-2017 |

**ഇടവകയുടെ അനുശോചനം രേഖപ്പെടുത്തുന്നു.**

## സഭാ പഞ്ചാംഗം

| തീയതി | സമയം | ചിന്താവിഷയം | ക്രമീകരണത്തിൽ സഹായിക്കുന്നവർ | പാഠങ്ങൾ | ലേഖനം/ഏവൻ ഗേലിയോൻ |
|---|---|---|---|---|---|
| ജനുവരി 07 | 9.30 എ.എം | സകലരെയും വീണ്ടെടു- ക്കുന്ന ദൈവിക കർശനം | മാലക്കര മല വടക്ക് | യെശ.61:1-11<br>വെളി.5:1-10 | അ.പ്ര.27:18-26<br>ലൂക്കൊ.4:16-21 |
| ജനുവരി 14 | 9.30 എ.എം | വിശുദ്ധ വിളിക്കു യോഗ്യമാ- യ ജീവിതം | സണ്ടേസ്കൂൾ മാലക്കര മല | സദൃ.23:19-35<br>റോമ.6:12-23 | ഗലാ.5:16-24<br>മത്താ.7:15-23 |
| ജനുവരി 21 | 9.30 എ.എം | ഏക കർത്താവും ഏക - സ്നാപനവും | യുവജനസഖ്യം | സംഖ്യ.11:23-30<br>1 യോഹ.3:1-11 | എഫെ.4:1-10<br>യോഹ.10:7-18 |
| ജനുവരി 28 | 9.30 എ.എം | സഭ: പ്രാർത്ഥനാ സമൂഹം | ഇടയാറന്മുള കിഴക്കേമുറി | ഉല്പ. 18:19-33<br>1 പത്രൊ.4:7-16 | യാക്കോ.5:13-18<br>മത്താ.6:1-9 |
| ഫെബ്രു 04 | 9.30 എ.എം | യേശു നൽകുന്ന സമഗ്ര- മായ സൗഖ്യം | ഇടയാറന്മുള വടക്കേടത്ത് ഭാഗം | ഇയ്യോ.42:1-12<br>വെളി.22:1-5 | 2 കൊരി.12:1-10<br>യോഹ.5:1-16 |
| ഫെബ്രു 11 | 9.30 എ.എം | നോമ്പ്-സൃഷ്ടിയുടെ- രൂപാന്തരം-**വലിയനോമ്പാരംഭം** | സണ്ടേസ്കൂൾ ഇടയാറന്മുള | ഉല്പ.45:1-15<br>എഫെ.2:11-22 | 2 കൊരി.5:16-21<br>യോഹ.2:1-11 |
| ഫെബ്രു 18 | | അസ്പർശ്യരോടുള്ള ക്രിസ്തു സമീപനം | **മാരാമൺ കൺവൻ- ഷൻ സമാപനം** | 2 രാജാ.5:1-15<br>എബ്രാ.13:7-17 | ഫിലെ.8-18<br>മത്താ.8:1-4 |
| ഫെബ്രു 25 | 9.30 എ.എം | ജീവനെ യഥാസ്ഥാനപ്പെടു- ത്തുന്ന വിശ്വാസം | തുരുത്തിമല ശാലേം | 2 രാജാ.4:1-7<br>അ.പ്ര.5:12-16 | എബ്രാ.11:1-12<br>ലൂക്കൊ.5:17-26 |

| തീയതി | സമയം | ചിന്താവിഷയം | ക്രമീകരണത്തിൽ സഹായിക്കുന്നവർ | പാഠങ്ങൾ | ലേഖനം/ഏവൻ ഗേലിയോൻ |
|---|---|---|---|---|---|
| മാർച്ച് 04 | 9.30 എ.എം | സൗഖ്യത്തിലേക്ക് നയി-ക്കുന്ന നിരന്തരമായ പ്രാർത്ഥന | തുരുത്തിമല എബനേസർ | 2 രാജാ.20:1-10<br>1 തെസ.5:12-22 | യൂദാ.17-23<br>മർക്കൊ.7:24-30 |
| മാർച്ച് 11 | 9.30 എ.എം | ബന്ധനങ്ങളിൽ നിന്ന് വിടുവിക്കുന്ന സത്യാരാധന | സണ്ടേസ്കൂൾ എരുമക്കാട് | പുറ.3:11-18<br>വെളി.14:1-7 | അ.പ്ര.16:19-34<br>ലൂക്കൊ.13:10-17 |
| മാർച്ച് 18 | 9.30 എ.എം | മശിഹാ യുഗത്തിന്റെ നവദർശനം | യുവജനസഖ്യം | യെശ.35:1-10<br>1 പത്രൊ.4:12-19 | 2 കൊരി.1:3-11<br>ലൂക്കൊ.18:35-43 |
| മാർച്ച് 23 | 7.30 എ.എം | നാല്പതാം വെള്ളി | | സംഖ്യ.21:1-9<br>എബ്രാ.12:1-13 | 1 പത്രൊ.1:13-22<br>മത്താ.4:1-11 |
| മാർച്ച് 25 | 9.30 എ.എം | ആഗതനാകുന്ന മശിഹാ രാജാവ്. **ഹോശന്നാ** | | സെഖ.9:9-17<br>വെളി.4:1-11 | കൊലൊ.1:14-23<br>മത്താ.21:1-11 |
| | | | | | |

# വലിയനോമ്പ് പ്രാർത്ഥനകൾ

## 2018 ഫെബ്രുവരി 19 മുതൽ ഏപ്രിൽ 01 വരെ ഈസ്റ്റർ വരെ വൈകിട്ട് 6.30 ന്

| | | | | |
|---|---|---|---|---|
| 1. | 19-02-2018 | മാലക്കര | ജോർജ് വർഗീസ്, ജാക്സൺ വില്ല | 0468 2317735 |
| 2. | 20-02-2018 | ളാക | റ്റി.സി. തോമസ്, വെമ്മേലിൽ തടത്തിൽ | 9526788002 |
| 3. | 21-02-2018 | ഇടയാറന്മുള | ഇ.വി. ജോണിക്കുട്ടി, ഇടത്തിമലയിൽ | 9446754139 |
| 4. | 22-02-2018 | എരുമക്കാട് മല | കെ.എസ്. ശമുവേൽ, പനവേലിൽ | 9562176459 |
| 5. | 23-02-2018 | കളരിക്കോട് | പി.കെ. ഗീവർഗീസ്, ആനിക്കാട്ട് മലേവീട്ടിൽ | 9446422937 |
| 6. | 24-02-2018 | എരുമക്കാട് | പ്രിൻസ് പി. ജോർജ്, പാറിടയിൽ തേജസ്സ് | 9645195400 |
| 7. | 25-02-2018 | ഇടയാറന്മുള | ജിജി എം. വർഗീസ്, മൂത്താമ്പാക്കൽ | 9400616497 |
| 8. | 26-02-2018 | തുരുത്തിമല | തോമസ് ഫിലിപ്പ്, തുരുത്തിയിൽ | 9447782319 |
| 9. | 27-02-2018 | മാലക്കര | കെ.സി. മാത്യു, കണ്ണംപ്ലാക്കുഴിയിൽ | 9605649483 |
| 10. | 28-02-2018 | എരുമക്കാട് മല | മോനി തോമസ്, പരുത്തുപാറ ബിബിൻ വില്ല | 9496868378 |
| 11. | 01-03-2018 | ഇടയാറന്മുള | ജോൺ വർഗീസ്, കൂന്തേനിയ്ക്കൽ ജോബിൻ വില്ല | 9497616973 |
| 12. | 02-03-2018 | ളാക | എം.ജി. വർഗീസ്, മുറിപ്പുരയ്ക്കൽ ഷാലോം | 9847314109 |
| 13. | 03-03-2018 | ഇടയാറന്മുള | ഏബ്രഹാം തോമസ്, കൊല്ലംപടിയ്ക്കൽ | 9961719429 |

| | | | | |
|---|---|---|---|---|
| 14. | 04-03-2018 | കളരിക്കോട് | ജോസ് ജോർജ് റ്റി, അണ്ടത്തേത്ത് തലക്കോട്ട് | 9349770275 |
| 15. | 05-03-2018 | മാലക്കര | റെജി കെ.ഏബ്രഹാം, ആനിക്കാട്ട് | 9446190587 |
| 16. | 06-03-2018 | ളാക | ജോൺ ജോൺ, കണിയാംപറമ്പിൽ റെനി വില്ല | 9605059338 |
| 17. | 07-03-2018 | എരുമക്കാട് | വർഗീസ് ചാക്കോ, ചിറവാക്കുളത്തിൽ | 9645177168 |
| 18. | 08-03-2018 | കളരിക്കോട് | ലിസി കോശി, പറയന്ത്ര ജെറിൻകോട്ടേജ് | 9747469019 |
| 19. | 09-03-2018 | മാലക്കര | ജോജി തോമസ്, നെടിയകാലായിൽ | 9447034476 |
| 20. | 10-03-2018 | ഇടയാറന്മുള | അന്നമ്മ ശമുവേൽ (അമ്മാൾ ടീച്ചർ), പനവേലിൽ | 0468 2319312 |
| 21. | 11-03-2018 | ളാക | മനീഷ് സഖറിയാ, മാലേത്ത് പാലമൂട്ടിൽ | 9747571131 |
| 22. | 12-03-2018 | ഇടയാറന്മുള | സാംജി മാത്യു, വൈരിശേരിൽ | 9447157586 |
| 23. | 13-03-2018 | എരുമക്കാട് | തോമസ് ജോർജ്, കുമ്പളപ്പള്ളിൽ | 9846407853 |
| 24. | 14-03-2018 | കളരിക്കോട് | തോമസ് ജോർജ്, മുതുവാംകോട്ട് | 9495435419 |
| 25. | 15-03-2018 | മാലക്കര | എം.ജി. ഉമ്മൻ, കരുമ്പിലയ്യത്ത് | 0468 2319296 |
| 26. | 16-03-2018 | ളാക | ജോർജ് ഫിലിപ്പ്, കളീയ്ക്കൽ | 8921483425 |
| 27. | 17-03-2018 | കളരിക്കോട് | ജോർജ് മാത്യൂസ്, കോയിപ്പുറത്തുകാലായിൽ | 9633190553 |
| 28. | 18-03-2018 | എരുമക്കാട് | ജോസഫ് ജോസ്, ചെമ്പകശേരിൽ കടവിൽ | |
| 29. | 19-03-2018 | ളാക | തോമസ് വർക്കി, ഓട്ടാനിയ്ക്കൽ | 9847226677 |

| | | | | |
|---|---|---|---|---|
| 30. | 20-03-2018 | മാലക്കര | കെ.വി. മത്തായി, കൊച്ചുപ്ലാമ്മൂട്ടിൽ | 0468 2319246 |
| 31. | 21-03-2018 | കളരിക്കോട് | ജോർജ് ജോൺ, പറയന്ത്ര ഇടപ്പുരയിൽ | 9447796733 |
| 32. | 22-03-2018 | എരുമക്കാട് | ക്യാപ്ടൻ. തോമസ് ഫിലിപ്പോസ്, മഹാവീരചക്രഭവൻ | 9846645279 |
| 33. | 23-03-2018 | പള്ളിയിൽ | നാല്പതാം വെള്ളി - വി. കുർബ്ബാന - | 7.30 എ.എം |
| | | തുരുത്തിമല | സാറാമ്മ വർഗീസ്, തയ്യിൽ | 6.30 പി.എം |
| 34 | 24-03-2018 | കളരിക്കോട് | എ.വി.സഖറിയാ, ആനിക്കാട്ട് മണ്ണിൽ- 6.30 പി.എം | 0468 2317275 |
| 35. | 25-03-2018 | പള്ളിയിൽ | ഹോശാനാ ഞായർ - വി.കുർബ്ബാന | 9.00 എ. എം |
| 36. | 26-03-2018 | പള്ളിയിൽ | സന്ധ്യാ നമസ്ക്കാരം | 6.30 പി.എം |
| 37. | 26-03-2018 | പള്ളിയിൽ | സന്ധ്യാ നമസ്ക്കാരം | 6.30 പി.എം |
| 38. | 27-03-2018 | പള്ളിയിൽ | സന്ധ്യാ നമസ്ക്കാരം | 6.30 പി.എം |
| 39. | 28-03-2018 | പള്ളിയിൽ | സന്ധ്യാ നമസ്ക്കാരം | 6.30 പി.എം |
| 40. | 29-03-2018 | പള്ളിയിൽ | പെസഹാ വ്യാഴം - വി. കുർബ്ബാന | 8.00 എ. എം |
| | | പള്ളിയിൽ | സന്ധ്യാ നമസ്ക്കാരം | 6.30 പി.എം |
| 41. | 30-03-2018 | പള്ളിയിൽ | ദുഖവെള്ളി | 9.00 എ. എം |
| 42. | 31-03-2018 | - | ദുഖശനി | - |
| 43. | 01-04-2018 | പള്ളിയിൽ | ഉയിർപ്പ് ഞായർ | 5.00 എ. എം |



# ഇടവകമിഷൻ പ്രാർത്ഥനകൾ



| തീയതി | | സ്ഥലം | സമയം |
|---|---|---|---|
| **എരുമക്കാട് ഭാഗം ( ചൊവ്വ ) വി.എ. ജോൺ – 9747607720** | | | **6.30 പി.എം** |
| ജനുവരി | 02 | ഇ.എ.എൽ.പി.സ്കൂൾ, എരുമക്കാട് | |
| | 09 | വല്യകാലായിൽ, ശോശാമ്മ വർഗീസ് | |
| | 16 | ചെമ്പകശേരിൽ കടവിൽ, ജോസഫ് ജോസ് | |
| | 23 | പാറിടയിൽ വിനു ഭവൻ, പി.എം. ജോർജ് | |
| | 30 | പുത്തൻവീട്, കെ.റ്റി. മാത്യു | |
| ഫെബ്രുവരി | 06 | കുരങ്ങാട്ട്, വർഗീസ് വർഗീസ് | |
| **മാലക്കര ഭാഗം ( ചൊവ്വ ) വർഗീസ് ഏബ്രഹാം – 9846398459** | | | **7.00 പി.എം** |
| ജനുവരി | 02 | ഗ്രേസ് സന്തോഷ് വില്ല, സാജു ജോർജ് | |
| | 09 | ചെറുവേലിൽ, സി.എം. തങ്കച്ചൻ | |
| | 16 | നെടിയകാലായിൽ, ജോജി തോമസ് | |
| | 23 | വടക്കേത്ത് പുത്തൻകുന്നിൽ, ശോശാമ്മ മാത്യു | |
| | 30 | കുഞ്ഞിന്റയ്യത്ത് ജെ.ജെ. കോട്ടേജ്, വി.റ്റി. വർഗീസ് | |
| ഫെബ്രുവരി | 06 | മാപ്ലശേരിൽ, റമീലാ തോമസ് | |
| **ളാക ഭാഗം ( ചൊവ്വ ) റ്റി.സി. തോമസ് –8547447209** | | | **7.00 പി.എം** |
| ജനുവരി | 02 | കുന്നത്തുപറമ്പിൽ, വർഗീസ് ദാനിയേൽ | |
| | 09 | തലക്കോട്ട് മലയിൽ, മേരി തോമസ് | |
| | 16 | വെമ്മേലിൽ തടത്തിൽ, ശമുവേൽ മാത്യു | |
| | 23 | ഇടിച്ചാണ്ടിപ്പറമ്പിൽ, പി.എസ്. സൈമൺ | |
| | 30 | മുളനിൽക്കുംകാലായിൽ, തോമസ് തോമസ് | |
| ഫെബ്രുവരി | 06 | എൻ.എൻ.വില്ല, പി.എസ്. ജോർജ് | |
| **കളരിക്കോട് ഭാഗം ( ബുധൻ ) വർഗീസ് ചെറിയാൻ – 9447304446** | | | **7.00 പി.എം** |
| ജനുവരി | 03 | തുണ്ടിയംകുളത്ത്, റ്റി.സി. ചാക്കോ | |
| | 10 | കളരിക്കോട് വടക്കേൽ, മറിയാമ്മ വർഗീസ് | |
| | 17 | ആനിക്കാട്ട് കൊച്ചുപുരയ്ക്കൽ, എ.എസ്. തോമസ് | |
| | 24 | മുതുവാംകോട്ട്, തോമസ് ജോർജ് | |
| | 31 | മാണാമ്പ്ര പിങ്കി വില്ല, ശമുവേൽ തോമസ് | |
| ഫെബ്രുവരി | 07 | തേവിരേത്ത് റ്റോം പാലസ്, തോമസ് ഫിലിപ്പ് | |
| **ഇടയാറന്മുള ഭാഗം (ബുധൻ) ജോർജ് വർഗീസ്– 8157082677** | | | **6.30 പി.എം** |
| ജനുവരി | 03 | കുമ്പളപ്പള്ളിൽ, കെ.കെ. വർഗീസ് | |

| | | |
|---|---|---|
| | 10 | കൊച്ചുമണ്ണിൽ കുറമല, ലീലാമ്മ തോമസ് |
| | 17 | ഇടത്തിമലയിൽ, ഇ.വി. ജോണിക്കുട്ടി |
| | 24 | എബനേസർ, അന്നമ്മ തോമസ് |
| | 31 | സംയുക്ത മീറ്റിംഗ്, എം.റ്റി.എൽ.പി.സ്കൂൾ - ഇടയാറന്മുള |
| ഫെബ്രുവരി | 01 | ചൊട്ടിക്കൂട്ടത്തിൽ, സി.റ്റി. തോമസ് |
| **തുരുത്തിമല ഭാഗം ( ബുധൻ ) എം.എ. മത്തായി - 9061106130** | | **6.30 പി.എം** |
| ജനുവരി | 03 | കാവടപ്പുതുപ്പറമ്പിൽ, വറുഗീസ് വറുഗീസ് |
| | 10 | കണ്ണങ്ങാട്ട്, കെ. ജോർജ് ചാക്കോ |
| | 17 | കരുവേലിൽ, പാപ്പച്ചൻ |
| | 24 | നായ്മനയ്ക്കൽ, ഏലിയാമ്മ തോമസ് |
| | 31 | തുരുത്തിയിൽ, പി.വി.ജോർജ് |
| ഫെബ്രുവരി | 07 | പുതിയമഠത്തിൽ, സാറാമ്മ മത്തായി |
| **എരുമക്കാട് മല ഭാഗം (2-ാം വ്യാഴം) സിസിലി റോയി - 8606154616** | | **7.00 പി.എം** |
| ജനുവരി | 11 | അണ്ടത്തേത്ത് മലയിൽ, എ.ജെ. ശമുവേൽ |
| ഫെബ്രുവരി | 08 | തടത്തിൽ, റെജി മാത്യു |

## സേവികാസംഘം പ്രാർത്ഥനകൾ

### എല്ലാ വെള്ളിയാഴ്ചയും രാവിലെ 10.30 ന്

| | | |
|---|---|---|
| **ഇടയാറന്മുള ഭാഗം** | | സാറാമ്മ സഖറിയാ - 9544008229 (ഏരിയാ സെക്രട്ടറി) |
| ജനുവരി | 05 | കൊച്ചുപുരയ്ക്കൽ പുത്തൻവീട്, അന്നമ്മ ജോൺ |
| | 12 | മേക്കോൺ ബെഥേൽ, സാറാമ്മ മാത്യു |
| | 19 | വൈരിശേരിൽ, സൂസൻ മാത്യു |
| ഫെബ്രുവരി | 02 | തേവള്ളിൽ, സൂസമ്മ വർഗീസ് |
| | 09 | കൊച്ചുമണ്ണിൽ, മറിയാമ്മ ഫിലിപ്പ് |
| | 23 | വൈരിശേരിൽ, അന്നമ്മ തോമസ് |
| മാർച്ച് | 02 | വെമ്മേലിൽ, ആലീസ് മാത്യു |
| | 09 | പാറിടയിൽ മനോഹര, സുശീലാ മാത്യൂസ് |
| | 16 | കൊച്ചുപുരയ്ക്കൽ, സാറാമ്മ തോമസ് |
| **കളരിക്കോട് വടക്ക് ഭാഗം** റേച്ചൽ ജോസഫ് - 9961320686 (ഏരിയാ സെക്രട്ടറി) | | |
| ജനുവരി | 05 | വൽസമ്മ വർഗീസ്, ആനിക്കാട്ട് മലേവീട്ടിൽ |
| | 19 | മറിയാമ്മ ജോർജ്, കോയിപ്പുറത്തുകാലായിൽ |
| ഫെബ്രുവരി | 02 | ആനിക്കാട്ട് ജോയ്സ് ഭവൻ, ആലീസ് തോമസ് |

| | | |
|---|---|---|
| | 09 | കോയിപ്പുറത്തുകാലായിൽ, മറിയാമ്മ തോമസ് |
| മാർച്ച് | 02 | കോയിപ്പുറത്തുകാലായിൽ, സൂസൻ തോമസ് |
| | 09 | തൈക്കൂട്ടത്തിൽ, ഏലിയാമ്മ മാത്യു |
| | 16 | ആനിക്കാട്ട്, കുഞ്ഞമ്മ സ്കറിയാ |
| **കളരിക്കോട് തെക്ക് ഭാഗം** | | **അന്നമ്മ ദാനിയേൽ – 9567369165 (ഏരിയാ സെക്രട്ടറി)** |
| ജനുവരി | 05 | മേക്കോൺ ഡാലി ഭവൻ, അന്നമ്മ ദാനിയേൽ |
| | 12 | കൊച്ചുപ്ലാമ്മൂട്ടിൽ, റേച്ചൽ മാത്യു |
| | 19 | ചക്കിട്ടയിൽ, ആനി ജിജി |
| ഫെബ്രുവരി | 02 | പറയന്ത്ര, ശോശാമ്മ വർഗീസ് |
| | 09 | കോട്ടയ്ക്കകത്തുമലയിൽ, ശോശാമ്മ ഏബ്രഹാം |
| | 23 | പറയന്ത്ര, ജോളി ജേക്കബ് |
| മാർച്ച് | 02 | കാരയ്ക്കാണാ ബിൻസി ഭവൻ, വൽസമ്മ ബേബി |
| | 09 | കൈത്തോട്ടാ മലയിൽ, തങ്കമ്മ ജോർജ് |
| | 16 | കുട്ടമത്തയ്യത്ത്, രമണി സാജൻ |
| | 23 | കോട്ടയ്ക്കകത്തുമലയിൽ, റാഹേൽ വർഗീസ് |
| **എരുമക്കാട് മല ഭാഗം** | | **സിസിലി റോയി – 9446113779 (ഏരിയാ സെക്രട്ടറി)** |
| ജനുവരി | 05 | വാക്യപ്പടിയ്ക്കൽ, സാറാമ്മ ഏബ്രഹാം |
| | 12 | കുരങ്ങാട്ട് മലയിൽ, മറിയാമ്മ മാത്യു |
| | 19 | കുരങ്ങാട്ട് മലയിൽ, അന്നമ്മ മാത്യു |
| | 26 | ശാന്തിയിൽ ചരിവുകാലായിൽ, സിജി റെജി |
| ഫെബ്രുവരി | 02 | പരുത്തുപാറ പുത്തൻവീട്, മേരി ചെറിയാൻ |
| | 09 | തടത്തിൽ, വൽസാം സാം |
| | 23 | തടത്തിൽ, മേരിക്കുട്ടി മാത്യു |
| മാർച്ച് | 02 | പരുത്തുപാറ കെസിയാ കോട്ടേജ്, സുമാ റോയി |
| **തുരുത്തിമല ഭാഗം** | | **ആലീസ് തോമസ് – 9562451074 (ഏരിയാ സെക്രട്ടറി)** |
| ജനുവരി | 05 | മങ്ങാട്ട്, മേരിക്കുട്ടി മത്തായി |
| | 12 | കളീയ്ക്കൽ റോസ് വില്ല, ഏലിയാമ്മ കോശി |
| | 19 | പൂവൻകണ്ടത്തിൽ, മേഴ്സി മോഹൻ |
| ഫെബ്രുവരി | 02 | കണ്ണങ്ങാട്ട്, മേരിക്കുട്ടി ചാക്കോ |
| | 09 | തുരുത്തിയിൽ, വൽസമ്മ ജോർജ് |
| **എരുമക്കാട് ഭാഗം** | | **മറിയാമ്മ ഏബ്രഹാം – 8281423893 (ഏരിയാ സെക്രട്ടറി)** |
| ജനുവരി | 05 | മേക്കോൺ, അന്നമ്മ ജോർജ് |
| | 19 | വലിയകാലായിൽ, തങ്കമ്മ ജോർജ് |

| | | |
|---|---|---|
| ഫെബ്രുവരി | 02 | തലക്കോട്ട് മലയിൽ, സാലി ജോൺസൺ |
| | 09 | ചിറവാക്കുളത്തിൽ, മറിയാമ്മ ഏബ്രഹാം |
| മാർച്ച് | 02 | ചെമ്പകശേരിൽ കടവിൽ, സൂസി ജോസ് |
| | 09 | പാറിടയിൽ ബംഗ്ലാവ്, ദീനാമ്മ ജോൺ |
| | 16 | പാറിടയിൽ, ലിസി വർഗീസ് |
| **മാലക്കര കെയ്യത്ത് ഭാഗം** | | **ജെസി ചാക്കോ – 8547457116 (ഏരിയാ സെക്രട്ടറി)** |
| ജനുവരി | 05 | മുണ്ടത്ര, സുബി രാജൻ |
| | 12 | കണ്ണംപ്ലാക്കുഴിയിൽ, റീബാ മാത്യു |
| | 19 | കണ്ണംപ്ലാക്കുഴിയിൽ, ശോശാമ്മ ചാക്കോ |
| ഫെബ്രുവരി | 02 | കണ്ണംപ്ലാക്കുഴിയിൽ, അന്നമ്മ ഏബ്രഹാം |
| | 09 | കെയ്യത്ത്, മോളി ജോർജ് |
| മാർച്ച് | 02 | കെയ്യത്ത്, തങ്കമ്മ ജോൺ |
| | 09 | കെയ്യത്ത്, സാറാമ്മ ജോൺ |
| | 16 | കെയ്യത്ത്, റെനി എബി |
| **ളാക ഭാഗം** | | **അനിതാ തോമസ് – 9847226677 (ഏരിയാ സെക്രട്ടറി)** |
| ജനുവരി | 05 | പാണംപടിയക്കൽ, ലില്ലി അനിയൻ |
| | 12 | കൊങ്ങളത്തു മലയിൽ, ശോശാമ്മ തോമസ് |
| | 19 | വാഴേപ്പറമ്പിൽ, റോസമ്മ മാത്യു |
| ഫെബ്രുവരി | 02 | കോട്ടയ്ക്കകത്തുമലയിൽ, കുഞ്ഞമ്മ ജോൺ |
| | 09 | ആലുമ്മൂട്ടിൽ, പൊന്നമ്മ തോമസ് |
| മാർച്ച് | 02 | വടക്കേപ്പറമ്പിൽ, സിസിലി ശമുവേൽ |
| | 09 | കൊങ്ങളത്ത് എബനേസർ, ലീലാമ്മ മാത്യു |
| | 16 | കടവിൽ പുത്തൻവീട്, അമ്മുക്കുട്ടി മാമ്മൻ |
| **മാലക്കര ഭാഗം** | | **പൊന്നമ്മ വർഗീസ് – 9495238165 (ഏരിയാ സെക്രട്ടറി)** |
| ജനുവരി | 05 | പ്ലാമ്മൂട്ടിൽ ബെൻസി വില്ല, എൾസി മാത്യു |
| | 12 | കൊച്ചുതുണ്ടിയിൽ, പൊന്നമ്മ വർഗീസ് |
| | 19 | പുറ്റുംപുറത്ത്, തങ്കമ്മ ദാനിയേൽ |
| | 26 | മൂലയിൽ, ശോശാമ്മ ഫിലിപ്പ് |
| ഫെബ്രുവരി | 02 | മോടിയിൽ, സാറാമ്മ മത്തായി |
| | 09 | ഇളമ്പാശേരിൽ, ചിന്നമ്മ ഈശോ |
| | 23 | ചക്കിട്ടയിൽ, എലിസബത്ത് ചെറിയാൻ |
| മാർച്ച് | 02 | ചക്കിട്ട വടക്കേൽ, എലിസബത്ത് മാത്യു |
| | 09 | അയിരൂക്കുഴിയിൽ, അന്നമ്മ മത്തായി |

| ഇടയാറന്മുള പടിഞ്ഞാറ് നടു ഭാഗം മറിയാമ്മ ജോർജ് – 9447569160(ഏരിയാ സെക്രട്ടറി) | | |
|---|---|---|
| ജനുവരി | 05 | കൊച്ചുപ്ലാമൂട്ടിൽ ജിൻസി ഭവൻ, ലിസിയാമ്മവർഗീസ് |
| | 12 | കുഞ്ഞിന്റയ്യത്ത്, അച്ചാമ്മ ജോർജ് |
| ഫെബ്രുവരി | 02 | കുഞ്ഞിന്റയ്യത്ത് ജെ.ജെ കോട്ടേജ്, മറിയാമ്മ വർഗീസ് |
| | 09 | മാവേലിൽ, മറിയാമ്മ ജോർജ് |
| മാർച്ച് | 02 | മുട്ടോൺ, സൂസൻ മാത്യു |
| | 09 | മുട്ടോൺ, മേരിക്കുട്ടി വർഗീസ് |
| | 16 | ജാക്സൺ വില്ല, മേരിക്കുട്ടി ജോർജ് |
| | 30 | റ്റോം വില്ല, പൊന്നമ്മ തോമസ് |

## പ്രാർത്ഥനായോഗങ്ങൾ

| മാലക്കര കെയ്യത്ത് ഭാഗം | | 3.00 പി.എം |
|---|---|---|
| ജനുവരി | 07 | കണ്ണംപ്ലാക്കുഴിയിൽ, കെ.സി. ഏബ്രഹാം |
| ഫെബ്രുവരി | 04 | ഷൈലാ ഭവൻ, കെ.സി.ശമുവേൽ |
| മാർച്ച് | 04 | കുന്നിൽ തെക്കേൽ സിജു ഭവൻ, റ്റി.പി.ചാക്കോ |
| **മാലക്കര ചുങ്കത്തിൽ ഭാഗം** | | **4.00 പി.എം** |
| ജനുവരി | 07 | കിഴക്കേപീടികയിൽ, ചാക്കോ വർഗീസ് |
| | 21 | കിഴക്കേ ചുങ്കത്തിൽ, മോളി തോമസ് |
| ഫെബ്രുവരി | 04 | പടിഞ്ഞാറേ പാണംപടിയ്ക്കൽ, പി.പി. തോമസ് |
| | 18 | പടിഞ്ഞാറേ ചുങ്കത്തിൽ, ഫിലിപ്പ് പി.ഇ |
| മാർച്ച് | 04 | പടിഞ്ഞാറേ ചുങ്കത്തിൽ, ജോർജ് ഈശോ |
| | 18 | പടിഞ്ഞാറേ ചുങ്കത്തിൽ, അനിൽ ജോർജ് |
| **മാലക്കര ചക്കിട്ടയിൽ ഭാഗം** | | **3.30 പി.എം** |
| ജനുവരി | 07 | ചക്കിട്ടവടക്കേൽ ജെനി വില്ല, വൽസമ്മ മാത്യു |
| | 21 | കുന്നുംപുറത്ത്, കെ. മാത്യു |
| ഫെബ്രുവരി | 04 | കുന്നുംപുറത്ത്, ശമുവേൽ തോമസ് |
| | 25 | കുന്നുംപുറത്ത്, കെ.സി.സ്കറിയാ |
| മാർച്ച് | 04 | ചക്കിട്ടമലയിൽ, ഏബ്രഹാം ചെറിയാൻ |
| | 18 | ചക്കിട്ടമലയിൽ രാജ് വില്ല, വർഗീസ് ചെറിയാൻ |
| **മാലക്കര തെക്കേതിൽ ഭാഗം** | | **4.00 പി.എം** |
| ജനുവരി | 14 | പാങ്ങാട്ടേത്ത്, മാത്യു പി. മാത്യു |
| | 28 | കിഴക്കേടത്ത് ജോ വില്ല, ഏലിയാമ്മ ഏബ്രഹാം |

| | | |
|---|---|---|
| ഫെബ്രുവരി | 25 | കിഴക്കേടത്ത്, റേച്ചൽ തോമസ് |
| മാർച്ച് | 11 | കിഴക്കേടത്ത്, കെ. വി. മത്തായി |
| | 25 | തൈലേത്ത്, മിൻസി മാമ്മൻ |
| **മാലക്കര പ്ലാമ്മൂട്ടിൽ ഭാഗം** | | **3.30 പി.എം** |
| ജനുവരി | 07 | പ്ലാമ്മൂട്ടിൽ, ജോർജ് തോമസ് |
| ഫെബ്രുവരി | 04 | പ്ലാമ്മൂട്ടിൽ ബെൻസി വില്ല, തോമസ് മാത്യു |
| മാർച്ച് | 04 | പ്ലാമ്മൂട്ടിൽ, പി.ജെ. ജോൺ |
| **മാലക്കര മല വടക്ക്** | | **3.30 പി.എം** |
| ജനുവരി | 14 | പാങ്ങാട്ടേത്ത്, അന്നമ്മ ജോൺ |
| | 28 | പാങ്ങാട്ടേത്ത്, സാബു ജോൺ |
| ഫെബ്രുവരി | 11 | കൈത്തോട്ടാ അശോക് ഭവൻ, വർഗീസ് ഉമ്മൻ |
| | 25 | കൈത്തോട്ടാ തെക്കേതിൽ, കെ.റ്റി. മാത്യൂസ് |
| മാർച്ച് | 11 | കൈത്തോട്ടാ കിഴക്കേതിൽ, ജോസഫ് സ്കറിയാ |
| | 25 | കൈത്തോട്ടാ കിഴക്കേതിൽ, ജോർജ് സ്കറിയാ |
| **മാലക്കര മല തെക്ക്** | | **3.30 പി.എം** |
| ജനുവരി | 07 | തേവിരേത്ത് പുളിനിൽക്കുന്നതിൽ, റ്റി.എസ്. മാത്യു |
| | 14 | തേവിരേത്ത് എബനേസർ, അച്ചാമ്മ തോമസ് |
| | 21 | കളീയ്ക്കൽ, അന്നമ്മ തോമസ് |
| | 28 | പാങ്ങാട്ടേത്ത് മേരി ഭവൻ, ലൂസി മറിയാമ്മ ജോർജ് |
| ഫെബ്രുവരി | 04 | തുണ്ടിയംകുളത്ത്, റ്റി.സി. ചാക്കോ |
| | 25 | തേവിരേത്ത് റ്റോം പാലസ്, തോമസ് ഫിലിപ്പ് |
| മാർച്ച് | 04 | കൈത്തോട്ടാ പുത്തൻവീട്, ഏലിയാമ്മ തോമസ് |
| | 11 | മാണാമ്പ്ര ബിജിനാ ഭവൻ, ശോശാമ്മ മാത്യു |
| | 18 | പാങ്ങാട്ടേത്ത്, വർഗീസ് മാത്യു |
| | 25 | പാങ്ങാട്ടേത്ത് ഗ്രേസ് വില്ല, പി.വി. തോമസ് |
| **ഇടയാറന്മുള പടിഞ്ഞാറ് കുടി ഭാഗം** | | **3.30 പി.എം** |
| ജനുവരി | 14 | പുല്ലേലിൽ, പി.ജെ. അന്നമ്മ |
| ഫെബ്രുവരി | 25 | കുന്നത്ത്, തോമസ് ജോർജ് |
| മാർച്ച് | 11 | ആശാ വില്ല, മറിയാമ്മ മത്തായി |
| **ഇടയാറന്മുള പടിഞ്ഞാറ് നടു ഭാഗം** | | **3.00 പി.എം** |
| ജനുവരി | 07 | മുട്ടോൺ, മേരിക്കുട്ടി വർഗീസ് |
| | 14 | കൊച്ചുപ്ലാമ്മൂട്ടിൽ അക്സാ ഭവൻ, അന്നമ്മ വർഗീസ് |

| | | |
|---|---|---|
| | 21 | കൊച്ചുപ്ലാമ്മൂട്ടിൽ റെയു ഭവൻ, മാത്യു വർഗീസ് |
| | 28 | മുട്ടോൺ ജോബിൻ ഭവൻ, ജോസ് മാത്യൂസ് |
| ഫെബ്രുവരി | 04 | കുറ്റിയിൽ ലിജോ ഭവൻ, ജോയി ജോസഫ് |
| | 25 | കൊച്ചുപ്ലാമ്മൂട്ടിൽ ജിൻസി ഭവൻ, വർഗീസ് ചാക്കോ |
| മാർച്ച് | 04 | ആഞ്ഞിലിമൂട്ടിൽ, എ.വി. വർഗീസ് |
| | 11 | ആഞ്ഞിലിമൂട്ടിൽ, ബിജു വർഗീസ് |
| | 18 | നെടിയകാലായിൽ, അന്നമ്മ തോമസ് |
| | 25 | വള്ളിയുഴത്തിൽ, വർഗീസ് ഏബ്രഹാം |
| **ഇടയാറന്മുള പടിഞ്ഞാറ് മല** | | **3.30 പി.എം** |
| ജനുവരി | 07 | ആനിക്കാട്ട്, എ.റ്റി. ജോർജ് |
| | 21 | വള്ളിക്കാലായിൽ ഷിജോ ഭവൻ, സാറാമ്മ മാത്യു |
| ഫെബ്രുവരി | 04 | വള്ളിക്കാലായിൽ, വി.എം. തോമസ് |
| മാർച്ച് | 04 | ആനിക്കാട്ട് തോപ്പിൽ, തോമസ് മാത്യു |
| | 18 | മാണാമ്പ്ര, വി.എം. തോമസ് |
| **ഇടയാറന്മുള പടിഞ്ഞാറ് ശാലേം** | | **4.00 പി.എം** |
| ജനുവരി | 07 | ആനിക്കാട്ട് മലേവീട്ടിൽ, പി.കെ. ഗീവർഗീസ് |
| | 14 | വള്ളിക്കാലായിൽ കോയിപ്പുറത്തുകാലായിൽ,മറിയാമ്മ ജോർജ് |
| | 21 | ആനിക്കാട്ട്, കളരിക്കോട്ട്, തോമസ് ജോസഫ് |
| | 28 | കുട്ടമത്തയ്യത്ത്, സാജൻ ജോൺ |
| ഫെബ്രുവരി | 04 | തുണ്ടിയംകുളത്ത്, റ്റി.സി. ചാക്കോ |
| | 25 | ആനിക്കാട്ട് സ്മിതാ ഭവൻ, തോമസ് ഏബ്രഹാം |
| മാർച്ച് | 04 | കോയിപ്പുറത്തുകാലായിൽ, മാത്യു തോമസ് |
| | 11 | ആനിക്കാട്ട് കൃപാ ഭവൻ, ലീലാമ്മ ജോർജ് |
| | 18 | ആനിക്കാട്ട് ശാന്തി ഭവൻ, ജേക്കബ് മാത്യു |
| | 25 | കോലത്ത് കവിണേടത്ത്, കെ. ജോസഫ് |
| **ഇടയാറന്മുള നടുവിലേമുറി** | | **4.30 പി.എം** |
| ജനുവരി | 07 | എബനേസർ, അന്നമ്മ ജോർജ് |
| | 14 | വടക്കേതിൽ, ഐപ്പ് ഡേവിഡ് |
| | 21 | പ്ലാവേലിൽ കുന്നമ്പള്ളിൽ, അന്നമ്മ മത്തായി |
| | 28 | മൂത്താമ്പാക്കൽ റോസ് ലാൻഡ്, എം.എം. വർഗീസ് |
| ഫെബ്രുവരി | 04 | മൂത്താമ്പാക്കൽ, മേഴ്സി ബെഞ്ചമിൻ |
| | 25 | മൂത്താമ്പാക്കൽ, ജിജി എം. വർഗീസ് |
| മാർച്ച് | 04 | മൂത്താമ്പാക്കൽ കിഴക്കേൽ, വർഗീസ് വർഗീസ് |

| | | | |
|---|---|---|---|
| | 11 | മൂത്താമ്പാക്കൽ കിഴക്കേൽ, ഏബ്രഹാം മാത്യു | |
| | 18 | കുമ്പളപ്പള്ളിൽ, കെ.കെ. വർഗീസ് | |
| | 25 | കുമ്പളപ്പള്ളിൽ, ശോശാമ്മ ജോർജ് | |
| **ഇടയാറന്മുള നടുമല എരുമക്കാട്** | | | **4.00 പി.എം** |
| ജനുവരി | 07 | പാറിടയിൽ സജി കോട്ടേജ്, മോളി യോഹന്നാൻ | |
| ഫെബ്രുവരി | 04 | പാറിടയിൽ, വർഗീസ് പി. മാത്യു | |
| മാർച്ച് | 04 | കുരങ്ങാട്ട് പനവേലിൽ, കെ.എസ്. ശമുവേൽ | |
| **ഇടയാറന്മുള കിഴക്കേമുറി** | | | **4.00 പി.എം** |
| ജനുവരി | 07 | കാരയ്ക്കാട്ടുമോടിയിൽ, എ. വർഗീസ് | |
| | 21 | കാരയ്ക്കാട്ടുമോടിയിൽ എബിൻ വില്ല, എബി വർഗീസ് | |
| ഫെബ്രുവരി | 04 | മുറിപ്പുരയ്ക്കൽ ജിബിൻ വില്ല, ജോർജ് വർഗീസ് | |
| **ഇടയാറന്മുള വടക്കേടത്ത് ഭാഗം** | | | **4.00 പി.എം** |
| ജനുവരി | 14 | കൊച്ചുവടക്കേടത്ത് ഷെറിൻ വില്ല, വർഗീസ് മാത്യു | |
| ഫെബ്രുവരി | 25 | കൊച്ചുമണ്ണിൽ, മറിയാമ്മ മാത്യു | |
| മാർച്ച് | 11 | കൊച്ചുമണ്ണിൽ, ലീലാമ്മ തോമസ് | |
| **തുരുത്തിമല ശാലേം** | | | **4.00 പി.എം** |
| ജനുവരി | 14 | ശങ്കരമംഗലത്ത്, അച്ചാമ്മ തോമസ് | |
| ഫെബ്രുവരി | 04 | കരുവേലിൽ, പാപ്പച്ചൻ | |
| മാർച്ച് | 11 | നായ്മനയ്ക്കൽ, ഏലിയാമ്മ തോമസ് | |
| **തുരുത്തിമല എബനേസർ** | | | **4.00 പി.എം** |
| ജനുവരി | 07 | വലിയകാലായിൽ, വി.എ. ജോൺ | |
| | 21 | വലിയകാലായിൽ, തങ്കമ്മ ജോർജ് | |
| ഫെബ്രുവരി | 04 | മങ്ങാട്ട് മലയിൽ, റ്റി.റ്റി. തോമസ് | |
| മാർച്ച് | 04 | വലിയകാലായിൽ, ശോശാമ്മ വർഗീസ് | |
| | 18 | ചെമ്മങ്ങാട്ടിൽ, മാത്യു ശമുവേൽ | |
| **എരുമക്കാട് ശാലേം** | | | **4.00 പി.എം** |
| ജനുവരി | 07 | പാറിടയിൽ, അന്നമ്മ തോമസ് | |
| ഫെബ്രുവരി | 04 | പാറിടയിൽ വിനു ഭവൻ, പി.എം. ജോർജ് | |
| മാർച്ച് | 04 | മേലേടത്തുപറമ്പിൽ, എ.ജി. മാത്യു | |
| **എരുമക്കാട് ബെഥേൽ** | | | **3.30 പി.എം** |
| ജനുവരി | 28 | ചിറവാക്കുളത്തിൽ, റെജി ഏബ്രഹാം | |
| ഫെബ്രുവരി | 25 | പുത്തൻപറമ്പിൽ അജി വില്ല, തോമസ് വർഗീസ് | |
| മാർച്ച് | 25 | ചിറവാക്കുളത്തിൽ, റെജി ഏബ്രഹാം | |

| എരുമക്കാട് ഇമ്മാനുവേൽ | | 3.30 പി.എം |
|---|---|---|
| ജനുവരി | 07 | മേക്കോൺ ഡാലി ഭവൻ, അന്നമ്മ ദാനിയേൽ |
| ഫെബ്രുവരി | 04 | മേക്കോൺ മലയിൽ, എം.റ്റി. ജോർജ് |
| മാർച്ച് | 04 | തടത്തിൽ, റ്റി.എസ്. ജോൺ |
| **ളാക കിഴക്ക് വടക്ക്** | | **4.00 പി.എം** |
| ജനുവരി | 07 | കണിയാംപറമ്പിൽ ന്യൂ ഹൗസ്, കെ.ജെ. തോമസ് |
| | 14 | ഇടത്തിമലയിൽ, ഇ.വി. ജോണിക്കുട്ടി |
| | 21 | ഇരപ്പൻകാലായിൽ, റ്റി.ജെ.ജോർജ് |
| | 28 | മാലേത്ത് പാലമൂട്ടിൽ, മറിയാമ്മ സഖറിയാ |
| ഫെബ്രുവരി | 04 | കല്ലുവെട്ടുംകുഴിയിൽ, ഏലിയാമ്മ ശമുവേൽ |
| | 25 | പാറയിൽ, കെ.വി. ചാക്കോ |
| മാർച്ച് | 04 | ചെള്ളേത്ത് എബനേസർ, പി.സി. ഏബ്രഹാം |
| | 11 | മുട്ടത്തുശേരിൽ, കുഞ്ഞമ്മ തോമസ് |
| | 18 | കളീയ്ക്കൽ, ജോർജ് ഫിലിപ്പ് |
| | 25 | മലയിൽ കുറ്റിയിൽ, റവ.കെ.എ. തോമസ് |
| **ളാക പള്ളി ഭാഗം** | | **4.00 പി.എം** |
| ജനുവരി | 07 | കൊങ്ങളത്തു മലയിൽ, തോമസ് ചെറിയാൻ |
| ഫെബ്രുവരി | 04 | നാലുപറയിൽ, എൻ.റ്റി. ചാക്കോ |

